MONDAY 01-05-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/05/2023.

1. തൃശ്ശൂർ പൂരം പ്രദർശനത്തിലെ കാർഷിക സർവകലാശാല പവലിയൻ വൈസ് ചാൻസിലർ ഡോ. ബി. അശോക് ഐ എ എസ് ഉദ്ഘാടനം ചെയ്തു. കാർഷിക സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വിവിധ സ്റ്റാളുകൾ ഉള്ള പവലിയനിൽ സർവകലാശാല വികസിപ്പിച്ച 15 കൊക്കോയിനങ്ങൾ, പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രം വികസിപ്പിച്ച 62 നെല്ലിനങ്ങൾ, ജാതിക്കയുടെ പരിപ്പ് എടുക്കുന്ന യന്ത്രം, കറുത്ത കുരുമുളകിനെ വെള്ള കുരുമുളകാക്കുന്ന യന്ത്രം ,കോക്കനട്ട് ഗ്രേഡർ, തൈ നടുന്ന ഉപകരണം, വാഴക്കുല പൊതിയാൻ ഉള്ള ഉപകരണം തുടങ്ങി കാർഷിക അധ്വാനം ലഘൂകരിക്കുന്ന വിവിധ യന്ത്രങ്ങൾ, തെങ്ങിൻതടി ഉപയോഗിച്ച് നിർമ്മിച്ച മേശ ,കസേര മുതലായ വിവിധ ഗാർഹിക ഉപകരണങ്ങൾ അടക്കം ഉൾപ്പെടുന്ന മൂല്യ വർധിത ഉത്പന്നങ്ങൾ തുടങ്ങിയവ പ്രദർശനത്തിനുണ്ട് .ഒരു വാഴക്കന്നിൽ നിന്നും മൂന്നുമാസം കൊണ്ട് 30 തൈകൾ മാതൃ സസ്യത്തിന്റെ ഗുണമേന്മ നഷ്ടപ്പെടാതെ ഉത്പാദിപ്പിക്കുന്ന മാക്രോപ്രപ്രോഗേഷൻ സാങ്കേതികവിദ്യ, പാഴാക്കിക്കളയുന്ന കശുമാങ്ങ സംസ്കരിച്ച് വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ തുടങ്ങി നിരവധി പുത്തൻ രീതികൾ പ്രദർശനം പരിചയപ്പെടുത്തുന്നു. കാർഷിക സർവ്വകലാശാലയിൽ ഉൽപാദിപ്പിച്ച വിവിധയിനം തൈകൾ ,ചോക്ലേറ്റുകൾ ജാം, സ്ക്വാഷ് തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, സർവകലാശാല പ്രസിദ്ധീകരണങ്ങൾ, കീട നിയന്ത്രണ ഉപാധികൾ, ജൈവവളങ്ങൾ, വിദ്യാർത്ഥികൾ നിർമ്മിച്ച അലങ്കാര വസ്തുക്കൾ തുടങ്ങിയവ പ്രദർശന നഗരിയിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. സർവകലാശാല നടത്തുന്ന വിവിധ സംരംഭകത്വ പരിശീലന പരിപാടികളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും പവലിയനിൽ ലഭ്യമാണ്.

2. കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം. സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേണ്ടതാണ്. ഹോർട്ടികോർപ്പ്

നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ 0471 2359651, 9447625776 എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

3. കൃഷിവകുപ്പിന്റെ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിൽ നാടൻ (WCT), സങ്കരയിനം (TxD) തെങ്ങിൻതൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വിൽപ്പന ആരംഭിച്ചു. ആവശ്യക്കാർ തെങ്ങിൻ തൈ ഉത്പാദന കേന്ദ്രവുമായി നേരിട്ട് ബന്ധപ്പെടണമെന്ന് കഴക്കൂട്ടം കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം തയ്യാറാക്കിയ "രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള അടുത്ത ബാച്ച് 2023 മെയ് 2 ന് തുടങ്ങുന്നു. ഈ കോഴ്സിൽ അംഗത്വം നേടുന്നതിനായി 2023 മെയ് 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സിൻറെ ഭാഗമായി നടത്തുന്ന പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

**കാർഷിക നിർദ്ദേശങ്ങൾ**

കര നെൽ കൃഷി - കരപ്രദേശങ്ങളിലും തെങ്ങിൻ തോപ്പിൽ ഇടവിളയായും കരനെൽകൃഷി ചെയ്യുന്നതിനുള്ള അനുയോജ്യമായ സമയമാണിപ്പോൾ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വേനൽ മഴലഭ്യമായ സാഹചര്യത്തിൽ സ്ഥലം നന്നായി ഉഴുത് കളകൾ നീക്കി 10 സെന്റിന് 200 കിലോ എന്ന തോതിൽ ഉണങ്ങിയ ജൈവവളം ചേർത്ത് ഇതിനായി നിലം ഒരുക്കാവുന്നതാണ്.

വൈശാഖ്, സ്വർണ്ണപ്രഭ, മട്ടത്രിവേണി, ജ്യോതി, ഉമ, മനുരത്ന തുടങ്ങിയ നെല്ലിനങ്ങൾ കരനെൽകൃഷിയ്ക്കായി ഉപയോഗിക്കാം.

വിത്തുകൾ സ്യൂഡോമോണസുമായി പരിചരിച്ച ശേഷം വിതയ്ക്കാവുന്നതാണ് (10-20 ഗ്രാം സ്യൂഡോമോണാസ് ഒരു കിലോ വിത്തിന് എന്ന തോതിൽ).

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം